# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 727 | 08.01.2014 ൽ മറുപടിക്ക്

**ജനറൽ ആശുപത്രികളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ; | (എ) വിലയിരുത്താറുണ്ട്. ജനറൽ ആശുപത്രികളിൽ ജില്ലാ മെഡിക്കൽ ആഫീസറും, ആരോഗ്യ വകപ്പിലെ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ജില്ലാ മെഡിക്കൽ ആഫീസർമാർ നടത്തുന്ന ജില്ലാതല അവലോകനയോഗങ്ങളിലും സംസ്ഥാനതല സീനിയർ മെഡിക്കൽ ഓഫീസേഴ്സ് മീറ്റിംഗിലും ഇവയുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) സംസ്ഥാനത്തെ ജനറൽ ആശുപത്രികളുടെ ജില്ലതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തെ ജനറൽ ആശുപത്രികളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | ജനറൽ ആശുപത്രി, തിരുവനന്തപുരം<br>ജനറൽ ആശുപത്രി, നെയ്യാറ്റിൻകര |
| പത്തനംതിട്ട | ജനറൽ ആശുപത്രി, പത്തനംതിട്ട<br>ജനറൽ ആശുപത്രി, അടൂർ |
| ആലപ്പുഴ | ജനറൽ ആശുപത്രി, ആലപ്പുഴ |
| കോട്ടയം | ജനറൽ ആശുപത്രി, കോട്ടയം<br>ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി<br>ജനറൽ ആശുപത്രി, പാലാ<br>ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി |
| എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം<br>ജനറൽ ആശുപത്രി, മൂവാറ്റുപുഴ |
| തൃശ്ശൂർ | ജനറൽ ആശുപത്രി, തൃശ്ശൂർ |

| | |
|---|---|
| | ജനറൽ ആശുപത്രി, ഇരിഞ്ഞാലക്കട |
| കോഴിക്കോട് | ജനറൽ ആശുപത്രി, കോഴിക്കോട് |
| വയനാട് | ജനറൽ ആശുപത്രി, കൽപ്പറ്റ |
| മലപ്പുറം | ജനറൽ ആശുപത്രി, മഞ്ചേരി |
| കണ്ണൂർ | ജനറൽ ആശുപത്രി, തലശ്ശേരി |
| കാസർഗോഡ് | ജനറൽ ആശുപത്രി, കാസർഗോഡ് |

| | | | |
|---|---|---|---|
| (സി) | ഓരോ ജനറൽ ആശുപത്രിയിലെയും ഡോക്ടർമാരുടെയും ജീവനക്കാരുടെയും സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്ന് ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (സി) | സംസ്ഥാനത്തെ ജനറൽ ആശുപത്രികളിലെ ഐപി/ഒ.പി യുടെ എണ്ണം, ഭൂപ്രകൃതി, വ്യാപകമായി കണ്ടു വരുന്ന അസുഖങ്ങൾ മുതലായവ കണക്കിലെടുത്താണ് ചികിൽസാ യൂണിറ്റുകളും തസ്തികകളും അനുവദിക്കുന്നത്. |
| (ഡി) | താലൂക്ക് /ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; | (ഡി) | 06.11.2008 ലെ സർക്കാർ ഉത്തരവ് (എംഎസ്) നം.568/08/ആ.ക.വ പ്രകാരം ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയോ ഒരു ജനറൽ ആശുപത്രിയോ ഉണ്ടായിരിക്കണം. |
| (ഇ) | നെയ്യാറ്റിൻകര ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ, ഇതിനാവശ്യമായ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; ഇതിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തികകൾ എത്ര വീതമെന്നു വ്യക്തമാക്കുമോ; നിലവിൽ എത്ര ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ ഉണ്ടെന്നും, അതിൽ എത്രയെണ്ണത്തിൽ ജീവനക്കാർ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ ; | (ഇ) | നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയെ 16.11.2013 ലെ സ.ഉ.നം.(എംഎസ്)443/2013/ആ.ക.വ പ്രകാരം ജനറൽ ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | ഓപ്പറേഷൻ തിയേറ്ററിലെ അണുബാധ കാരണം ഓപ്പറേഷൻ നടത്തുന്നത് അപകടമാണെന്നും, അതിനാൽ ഓപ്പറേഷൻ ജോലികൾ ഏറ്റെടുക്കാനാവില്ലെന്നും കാട്ടി നെയ്യാറ്റിൻകര ആശുപത്രിയിലെ ഡോക്ടർമാർ ബന്ധപ്പെട്ട അധികാരികൾക്ക് കത്തു നൽകിയിട്ടുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | എങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ? | (ജി) | പ്രസ്തുത വിഷയം അറിഞ്ഞയുടൻ ജില്ലാ മെഡിക്കൽ ആഫീസർ നേരിൽ ആശുപത്രി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. ഓപ്പറേഷൻ തിയേറ്റർ അണുവിമുക്തമാക്കുന്നതുവരെ ശസ്ത്രക്രിയകൾ നടത്തുവാൻ ലഭ്യമായ ഫണ്ടുപയോഗിച്ച് ഒരു മിനി തിയേറ്റർ സജ്ജമാക്കാൻ നിർദ്ദേശം നൽകി. അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനസജ്ജമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

നിയമസഭ

## Vacancy Position in District Hospital, Neyyattinkara

| Category | Sanctioned strength | In position | Vacancy |
|---|---|---|---|
| Doctor | 28 | 26 | Assistant Surgeon -1<br>Jr.Consultant Dental- 1 |
| Pharmacist | 4 | 4 | Nil |
| Lab Technician | 3 | 3 | Nil |
| Nursing Assistant | 47 | 44 | 3 |
| Hospital Attendant Gr.II | 39 | 27 | 12 |
| Hospital Attendant Gr.I | 13 | 13 | Nil |
| Cook | 2 | 2 | Nil |
| Clerk | 6 | 6 | Nil |
| Peon | 2 | 2 | Nil |
| Head Clerk | 1 | 1 | Nil |
| Jr. Superintendent | 1 | 1 | Nil |
| Lay Secretary & Treasurer | 1 | 1 | Nil |
| Driver | 2 | 2 | Nil |
| Blood Bank Technician | 1 | 1 | Nil |
| Ophthalmic Assistant | 1 | 1 | Nil |
| Medical Record Librarian | 1 | 1 | Nil |
| Pharmacist Store Keeper | 1 | 0 | 1 |
| Store Superintendent | 1 | 1 | Nil |
| Dental Hygienist | 1 | 1 | Nil |
| Dental Mechanic | 1 | 1 | Nil |
| Plumber | 1 | 1 | Nil |
| Non Medical Supervisor | 1 | 1 | Nil |
| X-ray Attender | 1 | 1 | Nil |
| Part Time Sweeper | 3 | 2 | 1 |
| Nursing Superintendent Gr.I | 1 | 1 | Nil |
| Nursing Superintendent Gr.II | 1 | 1 | Nil |
| Radiographer | 2 | 2 | Nil |
| Leprosy Therapist | 1 | 0 | 1 |